# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1471**

**13.06.2014 - ൽ മറുപടിക്ക്**

### ഫാമുകളുടെ ശാക്തീകരണം

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. വി.റ്റി. ബൽറാം
ശ്രീ. പി.എ. മാധവൻ
ശ്രീ. എ.റ്റി. ജോർജ്

**മറുപടി**

**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

എ) ഫാമുകളുടെ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപറഞ്ഞിരിക്കുന്ന കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

1. രേഖകൾ പ്രകാരം ഫാമുകൾക്ക് അവകാശപ്പെട്ട ഭൂമി വിശദമായി സർവ്വേ നടത്തി, അതിരുകൾ തിട്ടപ്പെടുത്തി, ഫെൻസിംഗ് നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
2. ഫാമുകളിൽ ഒഴിവുള്ള വിവിധ തസ്തികകളിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചു.
3. ഫാമുകളിൽ കന്നുകാലിഫാം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
4. ഫാമുകളിൽ ജലസേചനം ഉൾപ്പെടെ ഫാമുകളുടെ ഭൗതികമായ സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു.
5. ഫാമുകളിൽ അടിയന്തിരഘട്ടത്തിൽ സൂപ്രണ്ടുമാർക്ക് ഉപയോഗിക്കത്തക്ക തരത്തിൽ ഒരു റിവോൾവിംഗ് ഫണ്ടിനായി അക്കൗണ്ടന്റ് ജനറലിനോട് അനുവാദം ചോദിച്ചിട്ടുണ്ട്.
6. ഫാമിന്റെ ആധുനികവൽക്കരണത്തിനും സൗന്ദര്യവൽക്കരണത്തിനുമായി ലഭ്യമായ ഫണ്ടുകൾ ഉപയോഗിക്കാൻ തീരുമാനിച്ച് നടപ്പിലാക്കിവരുന്നു.
7. ജില്ലാഫാം ഉപദേശക സമിതി ജില്ലാ പഞ്ചായത്ത് അംഗങ്ങളെ കൂടി ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചു.

കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മണ്ണിരകമ്പോസ്റ്റ്, കാലിവളം എന്നിവ ഫാമിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങികഴിഞ്ഞു.

ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ ഒരു മൽസരബുദ്ധി ഉളവാക്കുന്നതിന് 2014 ജൂൺ 30 നകം കൂടുതൽ കാര്യക്ഷമവും

ഉൽപ്പാദന വിപണന മേഖലകളിൽ കൂടുതൽ മികവ് കാട്ടുന്ന ഫാമുകൾക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പുതല ഫാമുകളുടെയിടയിൽ മികവ് തെളിയിക്കുന്നവർക്ക് ഒന്നും, രണ്ടും, മൂന്നും സമ്മാനമായി യഥാക്രമം പതിനഞ്ച് ലക്ഷം രൂപ, പത്ത് ലക്ഷം രൂപ, അഞ്ച് ലക്ഷം രൂപ എന്നിവ നൽകാനായിട്ട് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഫാമുകളിൽ ജലസേചനസൗകര്യമുൾപ്പെടെ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഫാമുകളിൽ ആധുനിക കൃഷി സമ്പ്രദായത്തിൽ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി ഹൈടെക് ഫാമിംഗ്, ടിഷ്യൂകൾച്ചർ ഹാർഡനിംഗ് യൂണിറ്റ് എന്നീ പദ്ധതികൾ കൂടാതെ ഫാമുകളുടെ അതിർത്തി തിരിച്ച് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |
| സി) | ശാക്തീകരണത്തിന്റെ ഭാഗമായി ഫാമുകൾക്കിടയിൽ സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും മത്സരം ഉണ്ടാക്കിയെടുക്കാൻ സമ്മാനപദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | സി) | ഉണ്ട്.<br>2014 ജൂൺ 30 നകം കൂടുതൽ കാര്യക്ഷമവും ഉൽപ്പാദന മേഖലയിലും വിപണന മേഖലയിലും കൂടുതൽ മികവ് കാട്ടുന്ന ഫാമുകൾക്ക് ഒന്നും,രണ്ടും, മൂന്നും സമ്മാനമായി യഥാക്രമം പതിനഞ്ച് ലക്ഷം രൂപ, പത്ത് ലക്ഷം രൂപ, അഞ്ച് ലക്ഷം രൂപ എന്നീ ക്രമത്തിൽ നൽകുന്നതിനായിട്ട് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) | ഈ സമ്മാന പദ്ധതിയെക്കുറിച്ച് എല്ലാ ഫാമുകളിലും അറിയിപ്പ് നൽകിയിട്ടുണ്ട്. ഇതിനുള്ള ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

[signature]

**സെക്ഷൻ ഓഫീസർ**